തൊടുപുഴ 66 കെ. വി. സബ് സ്റ്റേഷനിൽ പാനൽ മാറ്റിവച്ചതിന്—35 ലക്ഷം രൂപ.

ഉടുമ്പന്നൂർ 110 കെ. വി. സബ് സ്റ്റേഷൻ ആൻറ് ലൈൻ—500 ലക്ഷം രൂപ.

നെടുങ്കണ്ടം 66 കെ.വി. സബ് സ്റ്റേഷൻ ആൻറ് ലൈൻ—270 ലക്ഷം രൂപ.

ഉപ്പുതറ 33 കെ. വി. സബ് സ്റ്റേഷൻ ആൻറ് ലൈൻ—50 ലക്ഷം രൂപ.

(ഡി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

വികലാംഗരെ സ്ഥിരപ്പെടുത്താൻ ഉത്തരവ്

20 [2009] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. ഒ. (പി) നമ്പർ 33/2005/എസ്. ഡബ്ളിയു. ഡി. പ്രകാരം 14-8-1998 മുതൽ 14-8-1999 വരെയുള്ള കാലയളവിൽ 179 ദിവസം എംപ്ലോയ്മെൻറ് വഴി സേവനം ചെയ്ത വികലാംഗരെ സ്ഥിരപ്പെടുത്തുവാനുള്ള ഉത്തരവിൽ വൈദ്യുതി ബോർഡിനെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വൈദ്യുതി ബോർഡിനുകൂടി ഈ ഉത്തരവ് ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സേവനകാലം 179 ദിവസം തികയുന്ന ദിവസം അവധിയായാൽ 178-ാം ദിവസം പിരിച്ചുവിടുമ്പോൾ ഉണ്ടാകുന്ന ഒരു ദിവസത്തെ നഷ്ടം പരിഹരിക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ, ബി & സി) 5-3-2005-ലെ ജി. ഒ. (പി) 33/2005/സാ.ക്ഷേ.വ. ഉത്തരവ് പ്രകാരം 15-8-1998 മുതൽ 15-8-1999 വരെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമനം നേടി 179 ദിവസം സേവനം പൂർത്തിയാക്കിയ വികലാംഗരായ ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്താൻ ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നേടിയ താൽക്കാലികരായ വികലാംഗരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ചും ഒരു ദിവസത്തെ നഷ്ടം പരിഹരിക്കുന്നത് സംബന്ധിച്ചും ഒരു പൊതുതീരുമാനം ആവശ്യമാണ്.

മിനിമം ഗ്യാരൻറി പ്രകാരം വൈദ്യുതി കണക്ഷൻ

21 [2010] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ തിരുവോട് മിനിമം ഗ്യാരൻറി പ്രകാരം വൈദ്യുതി കണക്ഷൻ നൽകിയത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ,

(ബി) മിനിമം ഗ്യാരണ്ടി പ്രകാരം ഉപഭോക്താക്കൾ വൈദ്യുതി ചാർജ് അടയ്ക്കാൻ ബാക്കിയുണ്ടോ എന്നറിയിക്കാമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചാർജിൽ ഇളവ് അനുവദിക്കുന്നതിനുവേണ്ടി എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 7-2-2004-ൽ.

(ബി) ഉണ്ട്.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) എൽ. ഇ. എം. ജി. വർക്കിലെ 11 കെ. വി. ലൈനും ട്രാൻസ്ഫോമറും ആ. ഇ. സി. സ്കീമിൽ ഉൾപ്പെടുത്തി ഗ്യാരണ്ടിയിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തടപ്പറമ്പ് എസ്. സി. കോളനി വൈദ്യുതീകരിക്കാൻ നടപടി

22 [2011] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിൽ മുക്കം തടപ്പറമ്പ് എസ്.സി. കോളനിയിൽ വൈദ്യുതി ഇല്ലാത്തതുമൂലമുള്ള ജനങ്ങളുടെ ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തടപ്പറമ്പ് എസ്. സി. കോളനി വൈദ്യുതീകരണത്തിനായി 6,08,530 രൂപ കോഴിക്കോട് ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തി നിക്ഷേപിച്ചിട്ടുണ്ട്.

(സി) പദ്ധതി രണ്ടു മാസത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

തിരുവമ്പാടി മണ്ഡലത്തിലെ വൈദ്യുതി കണക്ഷൻ

23 [2012] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറിന്റെ പുതിയ തീരുമാനപ്രകാരം തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മലയോര പ്രദേശത്തുകാർക്ക് ഗുണകരമാംവിധം പുതുതായി എവിടെയൊക്കെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയെന്ന് പറയാമോ;

(ബി) മലയോര മേഖലയിൽ വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി ഏതൊക്കെ പ്രദേശങ്ങളിൽ കൂടി വൈദ്യുതി എത്തിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly